**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്പോർട്സ് കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്പോർട്സ് കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പ്രസ്തുത അസോസിയേഷനുകളിൽ ഏതെങ്കിലും അസോസിയേഷനുകൾക്ക് അംഗീകാരം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അസോസിയേഷന്റെ പേരും അംഗീകാരം റദ്ദാക്കാനുള്ള കാരണവും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | അംഗീകാരം നഷ്ടപ്പെട്ട അസോസിയേഷനുകൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അംഗീകാരം നഷ്ടപ്പെട്ട കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങളിൽ സ്പോർട്സ് കൗൺസിലിൽ നിന്നും മത്സരങ്ങൾ നിരീക്ഷിക്കുന്നതിന് നിരീക്ഷകനെ നിയോഗിക്കാറില്ല. കൂടാതെ എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരം ഉള്ള കായിക സംഘടനകളുടെ വിവരങ്ങൾ നൽകി, കായിക താരങ്ങളെ ബോധവൽകരിക്കുന്നതിന് ജില്ലാ അസോസിയേഷനുകൾ മുഖേന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നല്കിയിട്ടുള്ള സ്പോർട്സ് അസോസിയേഷനുകളുടെ പേര് ചുവടെ ചേർക്കുന്നു.

| നം. | അസോസിയേഷൻ |
|---|---|
| 1 | കേരള സ്റ്റേറ്റ് അത്ലറ്റിക് അസോസിയേഷൻ |
| 2 | കേരള അക്വാട്ടിക് അസോസിയേഷൻ |
| 3 | കേരള ബാഡ്മിന്റൺ (S) അസോസിയേഷൻ |
| 4 | കേരള ബാസ്കറ്റ്ബോൾ അസോസിയേഷൻ |
| 5 | കേരള സൈക്ലിങ് അസോസിയേഷൻ |
| 6 | കേരള ഫുട്ബോൾ അസോസിയേഷൻ |
| 7 | കേരള ഹാൻഡ്ബോൾ അസോസിയേഷൻ |
| 8 | കേരള ഖോ-ഖോ അസോസിയേഷൻ |
| 9 | കേരള ടെന്നീസ് അസോസിയേഷൻ |
| 10 | കേരള ടേബിൾ ടെന്നീസ് അസോസിയേഷൻ |
| 11 | കേരള ജൂഡോ അസോസിയേഷൻ |
| 12 | കേരള സ്റ്റേറ്റ് ആർച്ചറി അസോസിയേഷൻ |
| 13 | തായ്ക്വോണ്ടോ അസോസിയേഷൻ ഓഫ് കേരള |
| 14 | കേരള കളരിപ്പായറ്റ് അസോസിയേഷൻ |
| 15 | കേരള സോഫ്റ്റ്ബോൾ അസോസിയേഷൻ |
| 16 | കേരള മൗണ്ടനീറിംഗ് അസോസിയേഷൻ |
| 17 | കേരള കയാക്കിങ് & കാനോയിങ് അസോസിയേഷൻ |
| 18 | കേരള പവർലിഫ്റ്റിങ് അസോസിയേഷൻ |
| 19 | കേരള റേസ് ബോട്സ് & അമച്വർ റോയിങ് അസോസിയേഷൻ |
| 20 | കേരള ടെന്നീകൊയ്റ്റ് അസോസിയേഷൻ |
| 21 | കേരള സ്റ്റേറ്റ് റെസലിങ് അസോസിയേഷൻ |
| 22 | കേരള സ്റ്റേറ്റ് ബോൾ ബാഡ്മിൻറൺ അസോസിയേഷൻ |
| 23 | കേരള റോളർ സ്കേറ്റിംഗ് അസോസിയേഷൻ |
| 24 | ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് കേരള |
| 25 | കേരള സ്റ്റേറ്റ് ടഗ് ഓഫ് വാർ അസോസിയേഷൻ |
| 26 | കേരള കരാട്ടെ അസോസിയേഷൻ |
| 27 | കേരള ത്രോ ബോൾ അസോസിയേഷൻ |
| 28 | കേരള ആട്യ്യാ പാട്യ്യാ അസോസിയേഷൻ |

| | |
|---|---|
| 29 | കേരള ബേസ് ബോൾ അസോസിയേഷൻ |
| 30 | കേരള നെറ്റ് ബോൾ അസോസിയേഷൻ |
| 31 | കേരള ആം റെസ്ലിങ് അസോസിയേഷൻ |
| 32 | യോഗ അസോസിയേഷൻ ഓഫ് കേരള |
| 33 | കേരള ഹോക്കി |
| 34 | കേരള സ്പോർട്സ് കൗൺസിൽ ഓഫ് ഡെഫ് അസോസിയേഷൻ |
| 35 | കേരള റഗ്ബി അസോസിയേഷൻ |
| 36 | കേരള റോൾ ബോൾ അസോസിയേഷൻ |
| 37 | കേരള ജിംനാസ്റ്റിക്സ് അസോസിയേഷൻ ഓഫ് കേരള |
| 38 | സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറന്റ്ലി ഏബിൾഡ് ഓഫ് കേരള |
| 39 | കേരള സൈക്കിൾ പോളോ അസോസിയേഷൻ |
| 40 | കേരള ഫെൻസിങ് അസോസിയേഷൻ |
| 41 | സെപക്തക്രോ അസോസിയേഷൻ കേരള |
| 42 | കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ |
| 43 | കേരള അമച്വർ ബോക്സിങ് അസോസിയേഷൻ |
| 44 | ചെസ്സ് അസോസിയേഷൻ കേരള |
| 45 | കേരള വുഷു അസോസിയേഷൻ |
| 46 | കേരള കബഡി അസോസിയേഷൻ |
| 47 | കേരള സ്റ്റേറ്റ് റൈഫിൾ അസോസിയേഷൻ |
| 48 | കേരള സ്റ്റേറ്റ് വെയ്റ്റ് ലിഫ്റ്റിങ് അസോസിയേഷൻ |

Jayasree P Pillai

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

## 1. കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ

കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ അഫിലിയേറ്റ് ചെയ്തിട്ടുള്ള വോളിബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യക്ക് കേന്ദ്ര സർക്കാരിന്റെ യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ അംഗീകാരം നഷ്ടപ്പെട്ടതിനാലും, കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷനെതിരെ സർക്കാരിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലും നിരവധി പരാതികൾ ലഭിച്ചതിനാലും, പ്രസ്തുത ഭാരവാഹികൾക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുള്ളതിനാലും കേരള സ്പോർട്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയുടെ തീരുമാന പ്രകാരവും ടി കായിക സംഘടനയുടെ കൗൺസിൽ അംഗീകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് പരാതികളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അന്വേഷണ കമ്മിറ്റിയെ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനപ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയമിക്കുകയും, അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.03.2022 ലെ സ്റ്റാൻഡിങ് കമ്മിറ്റി യോഗ തീരുമാന പ്രകാരം കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന്റെ അംഗീകാരം കൗൺസിൽ റദ്ദ് ചെയ്യുന്നതിനു തീരുമാനം ആയിരുന്നു.

W.P(C)No.29812/2021 & W.P.(C) No.23069/2021 എന്നീ റിട്ട് ഹർജികൾ ഒരുമിച്ച് കേട്ട് ബഹു. കേരള ഹൈക്കോടതി 26.05.2023 തീയതിയിൽ പ്രഖ്യാപിച്ച വിധിന്യായ പ്രകാരം സ്പോർട്സ് കൗൺസിൽ രൂപീകരിച്ച അന്വേഷണകമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.03.2022 ലെ കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനപ്രകാരം പ്രസ്തുത കായിക സംഘടനയുടെ അംഗീകാരം കേരള സ്പോർട്സ് ആക്ടിലെ വകുപ്പ് 31 A പ്രകാരം റദ്ദ് ചെയ്ത കൗൺസിൽ തീരുമാനം നിയമാനുസൃതമാണെന്ന് ബോദ്ധ്യപ്പെട്ടുകയും കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന്റെ അംഗീകാരം കൗൺസിൽ റദ്ദ് ചെയ്ത് 27.07.2023 തീയതിയിലെ KSSC/C1/(Court Case)/5387/2021 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

## 2. ചെസ്സ് അസോസിയേഷൻ കേരള

ചെസ്സ് അസോസിയേഷൻ ഓഫ് കേരള 2000 -ലെ കേരള സ്പോർട്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ചെസ്സ് അസോസിയേഷൻ ഓഫ് കേരളയുടെ ബൈലോ-ക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തുകയും അത്തരം പ്രവർത്തനങ്ങൾ ടി സംഘടന തുടർന്നു കൊണ്ടുപോകുന്ന പക്ഷം ആയത് ടി സ്പോർട്സ് ഇനത്തിലെ കായിക താരങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാകുമെന്ന് കണ്ടെത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 31.10.2017 -ൽ നടന്ന അഡ്മിനിസ്ട്രേറ്റിവ് ബോർഡ് യോഗം ചെസ്സ് അസോസിയേഷൻ ഓഫ് കേരളയുടെ കൗൺസിൽ അംഗീകാരം കൂടുതൽ അന്വേഷണങ്ങൾക്ക് വിധേയമായി സസ്പെൻഡ് ചെയ്യാൻ തീരുമാനിക്കുകയുമുണ്ടായി.

ചെസ്സ് അസോസിയേഷന്റെ അംഗീകാരം താൽക്കാലികമായി കൗൺസിൽ സസ്പെൻഡ് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ സ്പോർട്സ് ഇനവുമായി ബന്ധപ്പെട്ട കായികതാരങ്ങളുടെ താൽപര്യ സംരക്ഷണ ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിനും തിരഞ്ഞെടുപ്പ് നടത്തുന്നതിനും ആയി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് 22.06.2022 ലെ സ്റ്റാൻഡിങ് കമ്മിറ്റി യോഗ തീരുമാനം ആവുകയും 13.07.2023 തീയതിയിലെ 1909/C1(2)/2018/കെ.എസ്.എസ്.സി.

ഉത്തരവ് പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

ചെസ്സ് അസോസിയേഷൻ കേരള ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 11 of 2018 (Filed against WP(C)No.36083/2017 ൽ) എന്ന റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതി പ്രസ്താവിച്ച വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെസ്സ് അസോസിയേഷൻ കേരളയെ ഹിയർ ചെയ്യുകയും ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 10.07.2024 തിയതിയിലെ KSSC/C1courtcase/780/2024 നമ്പർ നടപടിക്രമം പ്രകാരം ചെസ്സ് അസോസിയേഷൻ കേരളയുടെ അംഗീകാരം റദ്ദാക്കുകയും, ചെസ്സ് മത്സരങ്ങളുടെ ജില്ലാ, സംസ്ഥാനതല മത്സരങ്ങൾ നടത്തി കായിക താരങ്ങളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും ചെസ്സ് കായിക രംഗത്തെ പ്രവർത്തനങ്ങൾ തുടരുന്നതിനുമായി സ്പോർട്സ് കൗൺസിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തുടരുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്.

ചെസ്സ് അസോസിയേഷൻ കേരളയുടെ സ്പോർട്സ് കൗൺസിൽ അംഗീകാരം റദ്ദ് ചെയ്തുകൊണ്ടുള്ള സ്പോർട്സ് കൗൺസിൽ സെക്രട്ടറി പുറപ്പെടുവിച്ച 10.07.2024 തിയതിയിലെ നടപടിക്രമം ബഹു. ഹൈക്കോടതിയുടെ 24.09.2024 ലെ WP(C) No 25931 of 2024 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്.

Rajeev R Pillai

**സെക്ഷൻ ഓഫീസർ**